# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഒക്ടോബർ 22

# വാർത്താക്കുറിപ്പ്

## അപേക്ഷ തീയതി നീട്ടി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ഒക്ടോബർ 30 മുതൽ ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 പി.എം. - 9 പി.എം., റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾക്ക് ഫീസടയ്ക്കാനുള്ള തീയതി നീട്ടി. പിഴയില്ലാതെ ഇന്ന് (ഒക്ടോബർ 23) വരെയും 500 രൂപ പിഴയോടെ 24 വരെയും 1000 രൂപ സൂപ്പർഫൈനോടെ 25 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1858/2019)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബി.വോക് ബ്രോഡ് കാസ്റ്റിംഗ് ആന്റ് ജേർണലിസം (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) ജൂൺ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബ 29ന് കാലടി ശ്രീശങ്കര കോളേജിൽ നടക്കും.

(പി.ആർ.ഒ/39/1859/2019)

മൂന്നാം സെമസ്റ്റർ ബി.വോക് ഫാഷൻ ടെക്നോളജി (2017 അഡ്മിഷൻ റഗുലർ, 2013-2016 അഡ്മിഷൻ സപ്ലിമെന്ററി) ജൂലൈ 2019 പരീക്ഷയുടെ പ്രാക്ടിക്കൽ ഒക്ടോബർ 28 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1860/2019)

## പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.ബി.എ. എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ നാലുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1861/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ഡബിൾ ഡിഗ്രി ബി.കോം എൽ.എൽ.ബി. (ഓണേഴ്സ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ നാലുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1862/2019)

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ ബി.എ. എൽ.എൽ.ബി. (പഞ്ചവത്സരം) ഇന്റഗ്രേറ്റഡ് സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1863/2019)

2019 ഏപ്രിലിൽ നടന്ന ഒന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സയൻസ്/മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് മെഡിക്കൽ ഡോക്യുമെന്റേഷൻ (നോൺ സി.എസ്.എസ്.) റഗുലർ/സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് നവംബർ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1864/2019)

2019 ജൂലൈയിൽ നടന്ന നാലാം സെമസ്റ്റർ എം.ടെക് (ജിയോ-മെക്കാനിക്സ് ആന്റ് സ്ട്രക്ചേഴ്സ്) റഗുലർ, (പുനഃപ്രവേശനം) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1865/2019)

2019 മെയിൽ നടന്ന നാലാം സെമസ്റ്റർ എം.എ. ഹിന്ദി (സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ അഞ്ചുവരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/1866/2019)

## സി.എസ്.ഐ.ആർ./യു.ജി.സി. നെറ്റ് പരീക്ഷ പരിശീലനം

സയൻസ് വിഷയങ്ങൾക്കുള്ള യു.ജി.സി. - നെറ്റ്/ജെ.ആർ.എഫ്. പരീക്ഷയുടെ (പാർട്ട് എ)യ്ക്ക് വേണ്ടി മഹാത്മാ ഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സൗജന്യ തീവ്രപരിശീലനത്തിന് ഏതാനും സീറ്റൊഴിവുണ്ട്. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ/39/1867/2019)

# വാർത്താക്കുറിപ്പ് 2

## സത്യാന്വേഷണമായിരുന്നു ഗാന്ധിജിയുടെ മൊഴിയും പൊരുളും: പ്രൊഫ. എം.എൻ. കാരശേരി

ഗാന്ധിജിയുടെ മൊഴിയും പൊരുളും സത്യാന്വേഷണമായിരുന്നെന്നും സത്യം മൂർത്തമായ വസ്തുതയാണെന്ന് വിശ്വസിച്ച എഴുത്തുകാരനായിരുന്നു ഗാന്ധിജിയെന്നും പ്രൊഫ. എം.എൻ. കാരശേരി. മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ലെറ്റേഴ്സ് സംഘടിപ്പിച്ച വി.സി. ഹാരിസ് വൈജ്ഞാനിക സദസിൽ

'ഗാന്ധി: മൊഴിയും പൊരുളും' എന്ന വിഷയത്തിൽ മുഖ്യപ്രഭാഷണം പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

എഴുത്തുകാരൻ എന്ന നിലയിൽ വലിയ സംഭാവനകളാണ് ഗാന്ധിജി നൽകിയിട്ടുള്ളത്. അദ്ദേഹത്തിന്റെ എഴുത്തുകളുടെ ശേഖരം വളരെ വലുതാണ്. പത്രപ്രവർത്തകനായിരുന്ന കാലഘട്ടത്തിലും സത്യത്തെ മുറുകെപ്പിടിച്ച് വാക്ക് ശക്തമായി ഉപയോഗിച്ചിരുന്നു അദ്ദേഹം. ഗാന്ധിജിയെ വിമർശിക്കാമെങ്കിലും അവഗണിക്കരുത്. മതം രാഷ്ട്രത്തെ സേവിക്കലാണ് എന്നതായിരുന്നു ഗാന്ധിജിയുടെ കാഴ്ചപ്പാട്. എന്നാലിന്ന് മതം, കച്ചവടം, രാഷ്ട്രീയം എന്നിവ ഒന്നിച്ച്, തിരിച്ചറിയാൻ കഴിയാത്തവിധം കുഴഞ്ഞുമറിഞ്ഞിരിക്കുന്നു. ഭരണഭാഷ മാതൃഭാഷയായിരിക്കണമെന്നായിരുന്നു ഗാന്ധിജിയുടെ നിലപാടെന്നും അദ്ദേഹം പറഞ്ഞു.

വൈജ്ഞാനിക സദസിന്റെ പൊതുസമ്മേളനം പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് ലെറ്റേഴ്സ് ഡയറക്ടർ ഡോ. കെ.എം. കൃഷ്ണൻ അധ്യക്ഷത വഹിച്ചു. 'മതേതരാനന്തര കാലത്തെ പ്രവണതകൾ: പ്രതികരണം' എന്ന വിഷയത്തിൽ ഹൈദരാബാദ് സർവകലാശാലയിലെ അധ്യാപകൻ ഡോ. എം.ടി. അൻസാരി പ്രബന്ധം അവതരിപ്പിച്ചു. പ്രൊഫ. കെ.എം. സീതി മോഡറേറ്ററായി. ഡോ. സജി മാത്യു, ഡോ. രേഖ രാജ് എന്നിവർ പങ്കെടുത്തു.

(പി.ആർ.ഒ/39/1868/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ്
ഓഫീസർ